## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:1357** **11/08/2017 ൽ മറുപടിയ്ക്ക്**

### കൃഷി ഓഫീസർമാരെ നിയമിക്കുവാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എ.കെ.ശശീന്ദ്രൻ :** | **ശ്രീ.വി. എസ്. സുനിൽകുമാർ (കൃഷിവകുപ്പ് മന്ത്രി)** |
| (എ) കോഴിക്കോട് ജില്ലയിലെ ചില കൃഷി ഭവനകളിൽ സ്ഥിരം കൃഷി ഓഫീസർമാർ ഇല്ലാത്തതുമൂലം പ്രവർത്തനപുരോഗതിയിൽ തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (എ) ഉണ്ട് |
| (ബി) എങ്കിൽ കൃഷി ഓഫീസർമാരെ നിയമിക്കുവാനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) കൃഷി ഓഫീസർ തസ്തികയിലെ പി എസ് സി റാങ്ക് ലിസ്റ്റ് 2013 ൽ കാലാവധി അവസാനിച്ചതിനു ശേഷം പിന്നീട് തയ്യാറാക്കിയിരുന്നില്ല. കൃഷി ഓഫീസർമാരുടെ അഭാവം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പി . എസ് . സിയുമായി നിരന്തരം ബന്ധപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ കൃഷി ഓഫീസർ തസ്തികയിൽ നിയമനത്തിനുള്ള റാങ്ക് ലിസ്റ്റ് 24/7/2017 ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൃഷി ഓഫീസർ തസ്തികയിലെ മുഴുവൻ ഒഴിവുകളും പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും നിയമന ശിപാർശ ലഭിച്ചാലുടൻ തന്നെ നിയമനം നടത്തുന്നതാണ്. ഇതിനാവശ്യമായ നടപടികൾ ത്വരിതഗതിയിൽ നടന്നുവരികയാണ്. |

**സെക്ഷൻ ഓഫീസർ**